പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2037

07.12.2015 ൽ മറുപടിയ്ക്ക്

**കൊട്ടാരക്കര റൂറൽ സെക്ഷനിൽ കൊലപാതക ശ്രമം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. രാജു** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) 2015 നവംബർ 4 ബുധനാഴ്ച രാത്രി ഒരു കൂട്ടം അക്രമികൾ കൊട്ടാരക്കര റൂറൽ സെക്ഷനിൽപ്പെട്ട കുന്നിക്കോട് പോലീസ് അതിർത്തിയിൽപ്പെട്ട സി.പി.ഐ വിളങ്ങടി ലോക്കൽ കമ്മിറ്റി അംഗവും എ.ഐ.വൈ.എഫ് നേതാവുമായ എസ്. നസറുദ്ദീനെയും പിതാവ് യൂനസ് കുഞ്ഞിനേയും വീട്ടിൽ കയറി വെട്ടികൊലപ്പെടുത്താൻ നടത്തിയ ശ്രമത്തിന് കേസ് എടുത്തിട്ടുണ്ടോ; | (എ) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളാണ് എഫ്.ഐ.ആർ - ൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | കുന്നിക്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1674/2015 u/s 143, 147, 148, 323, 324, 452, 308, 427, 149 and Arms Act 27 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസിലെ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (സി) ഏതൊക്കെ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്; മുഴുവൻ പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. മുഖംമൂടി ധരിച്ച ഒമ്പത് പേരാണ് അക്രമികൾ. |
| (ഡി) ആർ.എസ്.എസ് വീണ്ടും സംഘർഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഇതിനെതിരെ എന്ത് കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഇ) | രഹസ്യാന്വേഷണവും പോലീസ് നിരീക്ഷണവും പ്രസ്തുത മേഖലകളിൽ ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ